ഉത്തരം

(എ)&(ബി) ഒറ്റപ്പാലം താലൂക്കാശുപത്രി കെട്ടിട നിർമ്മാണം മുനിസിപ്പാലിറ്റിയുടെ അധികാര പരിധിയിൽ വരുന്നതിനാൽ മുനിസിപ്പാലിറ്റി നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി 4.25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

174 (1534) തിരുവണ്ടൂർ പി.എച്ച്.സി. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കാനുള്ള പ്രൊപ്പോസൽ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലുള്ള തിരുവണ്ടൂർ പി.എച്ച്.സി. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കാനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) നാഷണൽ ഹൈവേയിലെ പ്രധാനപ്പെട്ട പ്രസ്തുത ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കാനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഈ വർഷം 25 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സാമൂഹ്യാരോഗ്യകേന്ദ്രങ്ങളായി ഉയർത്താനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ഇത് സംബന്ധിച്ച് തീരുമാനമൊന്നുമായിട്ടില്ല.

175 (1535) വയനാട് ജില്ലയിലെ ഹോമിയോ സ്ഥാപനങ്ങൾ

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഹോമിയോ ഡിസ്പെൻസറികൾ നിലവിലില്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഇവയിൽ ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) വയനാട് ജില്ലയിലെ വേങ്ങപ്പള്ളി, പടിഞ്ഞാറെത്തറ, തൊണ്ടർനാട്, അരിയോട്, തവിഞ്ഞാൽ എന്നീ പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ നിലവിലില്ല.

(ബി) ഈ സാമ്പത്തികവർഷം പുതിയ 50 ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. സ്ഥല നിർണ്ണയം സംബന്ധിച്ച് തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly